പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം: 278 — 12.10.2011 ൽ മറുപടിക്ക്

## ഫോക്‌ലോർ അക്കാഡമി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ഡോ. എൻ. ജയരാജ് : | | ശ്രീ. കെ.സി. ജോസഫ് (ഗ്രാമ വികസനവും, ആസൂത്രണവും, സാംസ്കാരികകാര്യവും വകുപ്പു മന്ത്രി) | |
| (എ) | സംസ്ഥാനത്തെ നാടൻ കലകളുടെ പഠനഗവേഷണങ്ങൾക്ക് നിലവിൽ എന്തൊക്കെ സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട് ; | (എ) | കേരളത്തിലെ നാടൻകലകളുടെ പഠന ഗവേഷണങ്ങൾ ഒരുക്കുന്നതിന് കേരള ഫോക്‌ലോർ അക്കാദമിയിൽ സുസജ്ജമായ ഒരു ലൈബ്രറി നിർമ്മിച്ചിട്ടുണ്ട്. കേരളത്തിലെ വിവിധ സർവ്വകലാശാലകളിൽ നാടൻകലകളുടെ സെമിനാറുകളും ശില്പശാലകളും സംഘടിപ്പിച്ച് വരുന്നുണ്ട്. |
| (ബി) | സംസ്ഥാന ഫോക്‌ലോർ അക്കാഡമിയുടെ പ്രവർത്തനങ്ങൾ വിപുലപ്പെടുത്തുന്നതിന് പദ്ധതികൾ നിലവിലുണ്ടോ ; | (ബി) | ഉണ്ട്. |
| (സി) | തിരുവിതാംകൂറിലെ നാടൻകലാരൂപങ്ങൾ സംരക്ഷിക്കുന്നതിനുള്ള തിരുവിതാംകൂർ ഫോക്‌ലോർ ഗ്രാമത്തിന്റെ പ്രവർത്തനങ്ങൾ ഇപ്പോൾ ഏത് ഘട്ടത്തിലാണ് ; | (സി) & (ഡി) | കോട്ടയം ജില്ലയിൽ വെള്ളാവൂർ ഗ്രാമ പഞ്ചായത്ത് നൽകുന്ന 2 ഏക്കറോളം സ്ഥലത്ത് തിരുവിതാംകൂർ ഫോക്‌ലോർ വില്ലേജ് രൂപീകരിക്കാൻ നടപടി സ്വീകരിക്കുകയും ആദ്യ പടിയായി സ്ഥലത്തിന്റെ രേഖകൾ കൈമാറുന്നത് സംബന്ധിച്ച് പ്രാഥമിക ചർച്ച നടത്തുകയും നാടൻ കലാരൂപങ്ങളുടെ സ്ഥിരം പ്രദർശനത്തിന് ഇവിടെ വേദി ഒരുക്കുകയും ചെയ്തിട്ടുണ്ട്. ശ്രദ്ധേയമായ ഫോക്‌ലോർ ഗ്രന്ഥങ്ങൾ പ്രസിദ്ധീകരിക്കുവാനും ചതുർ മാസികയായ 'പൊലി' പരിഷ്കരിക്കുന്നതിനും നടപടി സ്വീകരിച്ചു വരുന്നു. |
| (ഡി) | നാടൻകലാ രൂപങ്ങളുടെ സംരക്ഷണ-പഠന-ഗവേഷണ മേഖലകൾക്ക് പ്രയോജനകരമാകുന്ന എന്തൊക്കെ നിർദ്ദേശങ്ങളാണ് പരിഗണനയിലുള്ളതെന്ന് വ്യക്തമാക്കുമോ ? | | |

സെക്ഷൻ ഓഫീസർ